# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3418** — **14.07.2015-ൽ മറുപടിയ്ക്ക്**

## പട്ടികവർഗ്ഗ വിഭാഗത്തിലെ രോഗികൾക്കുള്ള ചികിത്സാ ധനസഹായം

**ചോദ്യം**
ശ്രീ.ബി.ഡി.ദേവസ്സി

**മറുപടി**
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട രോഗികൾക്ക് സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്കായി അനുവദിക്കേണ്ട തുക കുടിശ്ശികയായിരിക്കുന്നതുമൂലം ഇവർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ബി) | ആതിരപ്പിള്ളി പഞ്ചായത്തിലെ അരയ്ക്കാപ്പ് എസ്.റ്റി കോളനിയിലെ രാമകൃഷ്ണന്റെ ഹൃദ്രോഗ സംബന്ധമായ ചികിത്സയ്ക്കായി കോട്ടയം മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ച് ബൈപാസ് സർജറിക്കുള്ള നിർദ്ദേശം ലഭിച്ചുവെങ്കിലും വകുപ്പിൽ നിന്നും പ്രസ്തുത ആശുപത്രിയിലേയ്ക്ക് തുക അനുവദിക്കുവാൻ കുടിശ്ശികയുള്ളതുകൊണ്ട് തൽക്കാലം ചികിത്സ നിഷേധിച്ച സാഹചര്യത്തിൽ | ബി) | ശ്രീ.ബി.രാമകൃഷ്ണൻ S/o രാഘവൻ, അരയ്ക്കാപ്പ് ട്രൈബൽ കോളനി, ആതിരപ്പള്ളി, തൃശ്ശൂർ എന്നയാൾ 26.05.2015-ൽ കോട്ടയം മെഡിക്കൽ കോളേജിൽ കാർഡിയോളജി വിഭാഗത്തിൽ ചികിത്സയ്ക്കായി പ്രവേശിക്കപ്പെടുകയും 28.05.2015-ൽ ഡിസ്ചാർജ്ജ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കാർഡിയോളജി ഡോക്ടറുടെ നിർദ്ദേശ പ്രകാരം 20.06.2015-ൽ ആൻജിയോഗ്രാം ചെയ്യുകയും ബൈപ്പാസ് സർജ്ജറി ചെയ്യുന്നതിലേക്ക് തൊറാസിക് സർജ്ജറി വിഭാഗത്തിൽ റിപ്പോർട്ട് ചെയ്യാൻ ആവശ്യപ്പെടുകയും ചെയ്തു. ടിയാന് കോട്ടയം |

| | | | |
|---|---|---|---|
| | രാമകൃഷ്ണന്റെ ചികിത്സയ്ക്കായി അടിയന്തരമായി ധനസഹായം അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ ? | | മെഡിക്കൽ കോളേജിൽ 10,142/-രൂപ ചികിത്സയിനത്തിൽ ചെലവഴിച്ചിട്ടുണ്ട്. ലാബ് ടെസ്റ്റ്. മെഡിസിൻ, ആംബുലൻസ് എന്നീ ആവശ്യങ്ങൾക്കാണ് പ്രസ്തുത തുക നൽകിയിട്ടുള്ളത്. കൂടാതെ ടിയാന് പട്ടികവർഗ്ഗ ക്ഷേമവകുപ്പ് മന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 1,00,000/-രൂപ (ഒരു ലക്ഷം രൂപ മാത്രം) അടിയന്തിര ചികിത്സാ ധനസഹായമായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ